(ബി) മെഡിക്കൽ കോളേജുകളിലും ആരോഗ്യവകുപ്പിലുമായി 5562 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. തസ്തികകൾ തിരിച്ചുള്ള കണക്ക് അനുബന്ധമായി നൽകിയിരിക്കുന്നു. (അനുബന്ധം-II).*

പബ്ലിക് ഹെൽത്ത് ലാബുകളുടെ പ്രവർത്തനം

45 (710) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് ഹെൽത്ത് ലാബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനും ജാഗ്രത കാണിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഇതിനായി മുൻ ബഡ്ജറ്റുകളിൽ അനുവദിച്ച തുക ചെലവഴിക്കുന്നതിൽ വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട ഔദ്യോഗിക രേഖകൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ബഡ്ജറ്റ് വിഹിതത്തിന്റെയും ചെലവഴിച്ചതിന്റെയും നടപ്പാക്കിയ പദ്ധതിയുടെയും വിശദാംശം നൽകാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലാബുകളുടെ നവീകരണം ക്രമമായി നടക്കുന്നുണ്ട്. കേരളത്തിൽ സർക്കാർ മേഖലയിൽ ആദ്യമായി പി.സി.ആർ. ലാബ് സംവിധാനം 2014 ഫെബ്രുവരിയിൽ തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലാബിൽ നിലവിൽ വന്നു. കൂടാതെ ടി ലാബിൽ ഡിഫ്ത്തീരിയ കൾച്ചർ യൂണിറ്റ് ആരംഭിക്കുവാനുള്ള സംവിധാനം നിലവിലുള്ള ആധുനിക വാക്സിൻ പ്രിവെന്റബിൾ ഡിസീസ് ലാബായി ഡബ്ല്യു.എച്ച്.ഒ. അംഗീകരിച്ചിട്ടുണ്ട്.

മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ജനിതകവൈകല്യം തിരിച്ചറിയാനായി ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റ് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടത്തിവരുന്നു. നവീകരണം യഥാക്രമം നടപ്പിലാക്കി ഉന്നത നിലവാരം പുലർത്തിവരുന്നതിനാൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, തിരുവനന്തപുരം റീജിയണൽ ലാബുകളായ എറണാകുളം, കോഴിക്കോട്, കണ്ണൂർ, ജില്ലാതല ലാബുകളായ ആലപ്പുഴ, കൊല്ലം എന്നിവയ്ക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലേക്ക് മുൻവർഷങ്ങളിൽ അനുവദിച്ച തുകകൾ യഥാസമയം ചെലവഴിച്ചിട്ടുണ്ട്. 2012-13 കാലയളവിൽ ഈ സ്ഥാപനത്തിലേയ്ക്ക് അലോട്ടുചെയ്ത പ്ലാൻ തുകയുടെ 98% വും 2013-14 കാലയളവിൽ 88% വും 2014-15 കാലയളവിൽ 85%-വും ചെലവാക്കിയിട്ടുണ്ട്. തുകകൾ ബാക്കി വരുന്നതിൽ സിംഹഭാഗവും മറ്റ് വകുപ്പുകൾ (പൊതുമരാമത്ത്) നിർവ്വഹിക്കേണ്ട/പൂർത്തീകരിക്കേണ്ട വർക്കുകളും മറ്റ് ഭാഗം ചെലവിനത്തിൽ ലാഭമുണ്ടാക്കിയ നീക്കിബാക്കിയുമാണ് (സേവിംഗ്സ്).

(സി) ഈ സ്ഥാപനത്തിലേയ്ക്ക് മുൻ വർഷങ്ങളിൽ അനുവദിച്ച തുകയും അവയുടെ ചെലവഴിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തന പുരോഗതി

46 (711) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തന പുരോഗതിക്കായി വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ ഇതിനായി എത്ര തുകയാണ് നീക്കിവച്ചതെന്നും അവ ഏതെല്ലാം പദ്ധതികൾക്കാണെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly